# മലയാളം വിക്കിസംരംഭങ്ങൾ

## ഒരു അവലോകനം

തയ്യാറാക്കിയത്: **ഷിജു അലക്സ്**

# വിഷയങ്ങൾ

- മലയാളം വിക്കിപീഡിയ
- മലയാളം വിക്കിഗ്രന്ഥശാല
- മലയാളം വിക്കിനിഘണ്ടു
- മലയാളം വിക്കിചൊല്ലുകൾ
- മലയാളം പുസ്തകശാല

# വിക്കിപീഡിയയുടെ പിറവി

2001 ജനുവരി 15-നാണ് ഇംഗ്ലീഷ് വിക്കിപീഡിയ പ്രൊജക്റ്റിനു തുടക്കംകുറിച്ചത്.

**ഇംഗ്ലീഷ് വിക്കിപീഡിയയാണ് ഇന്നുള്ള ഏറ്റവും വലിയ വിക്കി**. പ്രവർത്തനം അരംഭിച്ച ആദ്യവർഷത്തിൽ തന്നെ ഇംഗ്ലീഷ് വിക്കിപീഡിയയിലെ ലേഖനങ്ങളുടെ എണ്ണം ഇരുപതിനായിരം കവിഞ്ഞു. ഇന്ന് ഇംഗ്ലീഷ് വിക്കിപീഡിയയിലെ മാത്രം ലേഖനങ്ങളുടെ എണ്ണം **ഇരുപത്തി ആറു ലക്ഷത്തിൽ** അധികമാണ്. ഒരു ദിവസം ശരാശരി 10 ലക്ഷത്തിൽ കൂടുതൽ ആളുകൾ ഇംഗ്ലീഷ് വിക്കിപീഡിയ റഫർ ചെയ്യുന്നു. ലോകത്തിലെ ഏറ്റവുമധികം ട്രാഫിക്ക് ഉള്ള വെബ്ബ് സൈറ്റുകളിൽ ഒന്നാണ് വിക്കിപീഡിയ.

2001 മാർച്ച് 16നു ആരംഭിച്ച ജർമ്മൻ ഭാഷയിലുള്ള വിക്കിപീഡിയയാണ് രണ്ടാമത്തെ വിക്കിപീഡിയ. തുടർന്നുള്ള മാസങ്ങളിൽ ഫ്രഞ്ച്, ചൈനീസ്, ഡച്ച്, ഹീബ്രു, ഇറ്റാലിയന്, റഷ്യൻ തുടങ്ങിയ ഭാഷകളിൽ വിക്കിപീഡിയ ആരംഭിച്ചു.

# ഇന്ത്യൻ ഭാഷാ വിക്കിപീഡിയകൾ

ഇംഗ്ലീഷ് വിക്കിപീഡിയ ആരംഭിച്ച് വർഷം ഒന്നു കഴിഞ്ഞിട്ടും ഒറ്റ ഇന്ത്യൻ ഭാഷയിൽ പോലും വിക്കിപീഡിയ ആരംഭിക്കാനുള്ള ശ്രമങ്ങൾ ഉണ്ടായില്ല. ഈ വഴിക്കുള്ള ആദ്യത്തെ ശ്രമം ഉണ്ടായത് 2002 ജൂൺ മാസത്തിൽ പഞ്ചാബി, അസ്സാമീസ്, ഒറിയ ഭാഷകളിൽ ഉള്ള വിക്കിപീഡിയകൾ ആരംഭിച്ചപ്പോഴാണ്. പക്ഷെ നിർഭാഗ്യകരം എന്നു പറയട്ടെ ഇന്ത്യൻ ഭാഷകളിലെ ആദ്യത്തെ വിക്കിപീഡിയകളായ ഇവ മൂന്നും ഇപ്പോൾ നിർജീവം ആണ്. ഈ മൂന്നു വിക്കിപീഡിയയിലും ലേഖനങ്ങളുടെ എണ്ണം ഇപ്പോഴും 500-ൽ താഴെയാണ്. ഈ മൂന്നു ഭാഷകൾ കഴിഞ്ഞാൽ വേറൊരു ഇന്ത്യൻ ഭാഷയിൽ വിക്കിപീഡിയ ആരംഭിക്കുന്നത് മലയാളത്തിലാണ്.

# മലയാളം വിക്കിപീഡിയയുടെ പിറവി

മലയാളം വിക്കിപീഡിയ ഔദ്യോഗികമായി ആരംഭിച്ച് ആദ്യത്തെ തിരുത്തലുകൾ നടത്തിയത് **2002 ഡിസംബർ 21-നാണ്**. അതിനാൽ മലയാളം വിക്കിപീഡിയയുടെ ഔദ്യോഗികജന്മദിനം ഡിസംബർ 21നാണെന്നു പറയാം. അമേരിക്കൻ സർവ്വകലാശാലയിൽ ഗവേഷണ വിദ്യാർത്ഥിയായിനരുനന തിരുവനന്തപുരം നെടുമങ്ങാട് സ്വദേശി **ശ്രീ. വിനോദ് മേനോൻ എം. പി** യാണ് മലയാളം വിക്കിപീഡിയയ്ക്കു തുടക്കമിട്ടതു.

# മലയാളം വിക്കിപീഡിയയുടെ പിറവി

**യൂണികോഡ്** എന്നറിയപ്പെടുന്ന കമ്പ്യൂട്ടർ ലിപിവ്യവസ്ഥ വന്നതോടുകൂടി റോമൻ ഇതര ലിപികൾ ഉപയോഗിക്കുന്ന ഭാഷകൾക്കു കമ്പ്യൂട്ടിങ്ങ് രംഗത്ത് ഉണർവുണ്ടായി.

മലയാളലിപി യൂണിക്കോഡിൽ 1991-മാണ്ടിൽ തന്നെ എൻകോഡ് ചെയ്തിരുന്നുവെങ്കിലും, അക്കാലത്തൊന്നും യൂണിക്കോഡിന്റെ പ്രാധാന്യം മലയാളികൾ ആരും മനസ്സിലാക്കിയിരുന്നില്ല. അതിനാൽ തന്നെ മലയാളം യൂണിക്കൊഡ് ടൈപ്പ് ചെയ്യുവാൻ പറ്റുന്ന ടൂളുകളോ മലയാളം യൂണിക്കോഡ് പ്രദർശിപ്പിക്കുവാൻ സഹായിക്കുന്ന ഫോണ്ടുകളോ ഉണ്ടായിരുന്നില്ല. അതിനാൽ മലയാളഭാഷയിൽ വിക്കിപീഡിയ ആരംഭിക്കുക എന്നതു സാദ്ധ്യമല്ലായിരുന്നു. വിദേശ മലയാളിയായ സിബു ജോണി 2002 ജൂൺ പകുതിയോടെ തന്റെ **വരമൊഴി** എന്ന ട്രാൻസ്‌ലിറ്ററേഷൻ ടൂളിൽ യൂണിക്കോഡ് സപ്പോർട്ട് ഏർപ്പെടുത്തി. ഏതാണ്ട് ആ സമയത്തോടനുബന്ധിച്ച് തിരുവനന്തപുരം സ്വദേശിയായ അജയ്‌ലാൽ **തൂലിക** പേരിൽ മലയാളത്തിലെ ആദ്യത്തെ യൂണിക്കോഡ് ഫോണ്ട് പുറത്തിറക്കി.

# മലയാളം വിക്കിപീഡിയയുടെ പിറവി

മലയാളം യൂണിക്കോഡ് ടൈപ്പ് ചെയ്യുവാനും അത് പ്രദർശിപ്പിക്കുവാനും ഉള്ള സംവിധാനം ഉണ്ടെന്നു മനസ്സിലാക്കിയ വിനോദ് മേനോൻ മലയാളം വിക്കിപീഡിയക്കു അടിസ്ഥാനമിടുകയായിരുന്നു. മലയാളത്തിനു ശേഷം 2003-ഫെബ്രുവരിയിൽ ബീഹാറി, മെയ് 2003-നു മറാഠി, ജൂൺ 2003-നു കന്നഡ, ജൂലൈ 2003-നു ഹിന്ദി, സെപ്തംബർ 2003-നു തമിഴ്, ഡിസംബർ 2003-നു തെലുഗ്, ഗുജറാത്തി, ജനുവരി 2004-നു ബംഗാളി എന്നിങ്ങനെ വിവിധ ഇന്ത്യൻ ഭാഷകളിൽ ഉള്ള വിക്കിപീഡിയകൾ ആരംഭിച്ചു.

# മന്ദഗതിയിലുള്ള വളർച്ച

- മലയാളം വിക്കിപീഡിയയുടേ തുടക്കത്തിൽ വിനോദ് മേനോനു സഹായിയായി ആരും ഉണ്ടായിരുന്നില്ല. കുറേ കാലത്തോളം അദ്ദേഹം ഒറ്റയ്ക്കായിരുന്നു ഇതിന്റെ പ്രവർത്തനങ്ങൾ ചെയ്തിരുന്നത്. പിന്നീട് സുധീർ കൃഷ്ണൻ എന്ന ഒരു വിദേശ മലയാളി എത്തി. പക്ഷെ പക്ഷെ ഒന്നോ രണ്ടോ പേർ ചേർന്ന് ഇത്രയും ബൃഹത്തായ ഒരു പദ്ധതി മുന്നോട്ട് കൊണ്ടു പോകുന്നത് അസാദ്ധ്യമായതിനാല് മലയാളം വിക്കിയുടെ തുടക്കം വളരെ മന്ദഗതിയിലായിരുന്നു. 2002-ൽ തുടങ്ങിയിട്ടും 2004- വരെ മലയാളം വിക്കിയില് കാര്യമായ പുരോഗതിയുണ്ടായില്ല. മറ്റെല്ലാ വിക്കികളിലേയുംപോലെ മലയാളത്തിലും ഇക്കാലത്ത് ചെറിയ ലേഖനങ്ങളായിരുന്നു അധികവും. അവ മൊത്തത്തില് നൂറെണ്ണം പോലും തികഞ്ഞിരുന്നുമില്ല.
- 2004 മധ്യത്തോടെ മലയാളം യുണിക്കോഡ് എഴുത്തു സാമഗ്രികൾ സജീവമായിത്തുടങ്ങിയിരുന്നു. ബ്ലോഗുകളിലും മറ്റും പ്രചരിച്ച ഇത്തരം ടൈപ്പിങ്ങ് ഉപകരണങ്ങളുടെ സഹായത്തോടെ ഏതാനും പേര് വിക്കിപീഡിയയിലും സ്ഥിരമായി എത്തിത്തുടങ്ങി. 2004 ഡിസംബറിലാണ് മലയാളം വിക്കിയില് നൂറു ലേഖനങ്ങൾ തികയുന്നത്.

# 2006-ലെ കുതിപ്പ്

- മലയാളികൾക്ക് മലയാളത്തിൽ ടൈപ്പ് ചെയ്യുന്നതുള്ള അജ്ഞത മൂലം മലയാളം വിക്കിപീഡിയയുടെ വളർച്ച ഇഴഞ്ഞിഴഞ്ഞ് നീങ്ങുകയായിരുന്നു. 2006ലാണ് ഇതിനുമാറ്റം കണ്ടുതുടങ്ങിയത്. യൂണീക്കോഡ് മലയാളം ഉപയോഗിച്ച് കേരളത്തിൽ നിന്നും ഗൾഫ് നാടുകളിലും ഉള്ള അനേകർ മലയാളത്തിൽ ബ്ലോഗു ചെയ്യുവാൻ തുടങ്ങി. ബ്ലോഗിങ്ങിലൂടെ മലയാളം ടൈപ്പിങ്ങ് അനായസം പഠിച്ചെടുത്ത ഇവരിൽ പലരുടേയും ശ്രദ്ധ ക്രമേണ വിക്കിപീഡിയയിലേക്ക് തിരിഞ്ഞു. അങ്ങനെ കുറച്ച് സജീവ പ്രവർത്തകർ വിക്കിപീഡിയയിലെത്തിയതോടെ ലേഖനങ്ങളുടെ എണ്ണവും ഉള്ളടക്കത്തിന്റെ വൈവിധ്യവും മെച്ചപ്പെട്ടു
- 2006 ഏപ്രില് 10ന് മലയാളം വിക്കിയിൽ അഞ്ഞൂറാമത്തെ ലേഖനം പിറന്നു. ലേഖനങ്ങളുടെ എണ്ണം അതേവർഷം സെപ്റ്റംബറിൽ 1000-വും, നവംബറിൽ 1500ഉം ആയി ഉയര്ന്നു. ഈ കുതിപ്പ് ഇപ്പോഴും തുടരുകയാണ്. 2007 ജനുവരി 15-നു ലേഖനങ്ങളുടെ എണ്ണം 2000-ഉം, ജൂൺ 30ന് 3000-ഉം ലേഖനങ്ങൾ പിന്നിട്ടു. 2007 ഡിസംബർ 12നു മലയാളം വിക്കിപീഡിയ 5000 ലേഖനങ്ങൾ എന്ന നാഴികക്കല്ലും പിന്നീട്ടു. നിലവിൽ മലയാളം വിക്കിപീഡിയയിൽ 8000ത്തിലധികം ലെഖനങ്ങളുണ്ട്.

# മലയാളം വിക്കിപീഡിയയും മറ്റു ഇന്ത്യന് വിക്കിപീഡിയകളും - ഒരു താരതമ്യം

ലേഖനങ്ങളുടെ എണ്ണത്തിന്റെ കാര്യമൊഴിച്ച് മിക്കവാറും എല്ലാ വിഭാഗങ്ങളിലും മറ്റു ഇന്ത്യൻ ഭാഷാ വിക്കികളെ അപേക്ഷിച്ച് മലയാളം വിക്കിപീഡിയ വളരെയേറെ മുൻപിലാണ്. മലയാളം വിക്കിപീഡിയ മുൻപന്തിയിലുള്ള ചില വിഭാഗങ്ങള്:

- ഏറ്റവും കൂടുതൽ ആക്ടീവ് യൂസേർസ് ഉള്ള ഇന്ത്യൻ വിക്കിപീഡിയ,
- ഓരോ ലേഖനത്തിലും ഏറ്റവും അധികം എഡിറ്റ് നടക്കുന്ന ഇന്ത്യൻ ഭാഷാ വിക്കിപീഡിയ
- ഏറ്റവും കൂടുതല് ചിത്രങ്ങൾ അപ്‌ലോഡ് ചെയ്യപ്പെട്ട ഇന്ത്യൻ ഭാഷാ വിക്കിപീഡിയ
- ഏറ്റവും അധികം **പേജ് ഡെപ്ത്ത്** ഉള്ള ഇന്ത്യൻ ഭാഷാ വിക്കിപീഡിയ

# മലയാളം വിക്കിപീഡിയയും മറ്റു വിക്കിപീഡിയകളും ഒരു താരതമ്യം

| വിക്കിപീഡിയ | ലേഖനങ്ങളുടെ എണ്ണം | അപ്‌ലോഡ് ചെയ്ത ചിത്രങ്ങളുടെ എണ്ണം | പേജ് ഡെപ്ത്ത് |
|---|---|---|---|
| മലയാളം | 8274 | 5388 | 138 |
| തമിഴ് | 16221 | 2822 | 21 |
| കന്നട | 6145 | 1359 | 12 |
| തെലുഗ് | 41884 | 3927 | 4 |
| മറാഠി | 21040 | 1398 | 14 |
| ഹിന്ദി | 24090 | 2055 | 6 |
| ബംഗാളി | 18990 | 1440 | 47 |
| ഇംഗ്ലീഷ് | 2 653062 | 828127 | 411 |

2008 ഡിസംബർ 11ലെ സ്ഥിതിവിവരക്കണക്കുകൾ പ്രകാരം തയ്യാറാക്കിയ പട്ടിക

# നിലവിലുള്ള സ്ഥിതി

- വിക്കിപീഡിയയിൽ കൂടുതൽ ലേഖനങ്ങൾ വരുന്നതിനും നല്ല തിരുത്തലുകൾ ഉണ്ടാവുന്നതിനും ധാരാളം പുതിയ ഉപയോക്താക്കൾ വിക്കിപീഡിയയിലേക്കു എത്തേണ്ടിയിരിക്കുന്നു. എങ്കിൽ മാത്രമേ ഗുണമേന്മ ഉള്ള വിക്കിപീഡിയ എന്ന പദവി നമുക്കു നിലനിർത്താനും വിക്കിപീഡിയ ഭാവി തലമുറയ്ക്കു ഉപയോഗപ്രദമാക്കുന്ന രീതിയിൽ ആകുവാനും സാധിക്കൂ. അതിനാൽ വിക്കിപീഡിയയെ കുറിച്ചുള്ള സന്ദേശം ജനങ്ങളിലേക്ക് എത്തിക്കുന്നതിന്റെ ഉത്തരവാദിത്വം നമുക്ക് ഓരോരുത്തർക്കും ഉണ്ട്.
- ഇനി നമുക്ക് മലയാളം വിക്കിപീഡിയയുടെ ചില സഹോദര സംരംഭങ്ങളെ പരിചയപ്പെടാം.

# മലയാളം വിക്കിപീഡിയയുടെ സഹോദരസംരംഭങ്ങൾ

- വിക്കിപീഡിയ എന്ന ഓൺലൈൻ വിജ്ഞാനകോശത്തിന്റെ അത്ഭുതപൂർവ്വമായ വളർച്ചയെത്തുടർന്ന് വിക്കിമീഡിയ ഫൌണ്ടേഷൻ ഇതര വിവരശേഖരണ മേഖലകളിലേക്കും ശ്രദ്ധതിരിച്ചു. പകർപ്പവകാശകാലാവധി കഴിഞ്ഞ പുസ്തകങ്ങൾ ശേഖരിച്ചുവയ്ക്കുന്ന വിക്കിസോഴ്സ്, സ്വതന്ത്ര ബഹുഭാഷാ നിഘണ്ടുവായ വിക്ഷ്ണറി, ചൊല്ലുകൾ ശേഖരിച്ചുവയ്ക്കുന്ന വിക്കികോട്ട്സ്, പഠനസഹായികളും മറ്റും ചേർക്കുന്ന വിക്കിബുക്ക്സ്, സിറ്റിസൺ ജേണലിസത്തെ പ്രോത്സാഹിപ്പിക്കുന്ന വിക്കിന്യൂസ്, ഓൺലൈൻ പരിശീലനം നൽകുന്ന വിക്കിവാഴ്സിറ്റി, എന്നിങ്ങനെ ഒട്ടേറെ സഹോദര സംരംഭങ്ങൾ വിക്കിപീഡിയയ്ക്കുണ്ട്. ഇതിൽ വിക്കിസോഴ്സ് മലയാളത്തിൽ **വിക്കിഗ്രന്ഥശാല** എന്ന പേരിലും, വിക്ഷ്ണറി **വിക്കിനിഘണ്ടു** എന്ന പേരിലും, വിക്കിബുക്സ് **വിക്കിപാഠശാല** എന്ന പേരിലും, വിക്കികോട്സ് **വിക്കിചൊല്ലുകൾ** എന്ന പേരിലും പ്രവർത്തിക്കുന്നുണ്ട്. ഈ പദ്ധതികളെല്ലാം തന്നെ മലയാളത്തിൽ ശൈശവദശയിലാണെന്നു പറയാം.
- മലയാളം വിക്കിപീഡിയക്കു പുറമേയുള്ള ഈ വിവരശേഖരണവിക്കികളുടെ നിലവിലുള്ള സ്ഥിതിയും ഇതു വരെ നടന്ന പണികളും എന്താണെന്നു നോക്കാം.

# വിക്കിഗ്രന്ഥശാല

- പൗരാണിക വൈജ്ഞാനിക/മത ഗ്രന്ഥങ്ങൾ, പകർപ്പവകാശം കഴിഞ്ഞ ക്ലാസിക്ക് കൃതികള്‍, പബ്ലിക്ക് ഡൊമൈനിൽ ഉള്ളതും ഭാവിതലമുറയ്ക്കു വേണ്ടി ശേഖരിച്ചു വയ്ക്കേണ്ടതുമായ വൈജ്ഞാനിക ഗ്രന്ഥങ്ങൾ തുടങ്ങിയവ ശേഖരിക്കുന്ന ഒരു വിക്കിയാണ് **മലയാളം വിക്കിഗ്രന്ഥശാല**.
- ഓൺലൈൻ മലയാളത്തിന്റെ സ്വതന്ത്ര സൌജന്യ ഗ്രന്ഥശാലയായി മാറി കൊണ്ടിരിക്കുന്ന വിക്കിയാണ് ഇത്. ഭാവിയിൽ മലയാളത്തിന്റെ ഓൺലൈൻ റെഫറൻസ് ലൈബ്രറി ആകും ഈ വിക്കി. ഉള്ളടക്കം യൂണിക്കോഡിലായതിനാലും, സേർച്ചബിൾ ആയതിനാലും, ധാരാളം ഗ്രന്ഥങ്ങൾ ഇതിലേക്കു വന്നുകഴിഞ്ഞാല്‍, ഭാവിയിൽ ഏറ്റവും കൂടുതൽ സൈറ്റു ചെയ്യപ്പെടുന്ന മലയാളം വെബ്ബ്സൈറ്റ് ആവും ഇത്. മലയാളം വിക്കിപീഡിയയ്ക്കും, മറ്റു വിക്കികൾക്കും, പൊതുവെ ഓൺലൈൻ മലയാളത്തിനും ഒരു സഹായിയായി ഈ വിക്കി മാറും.

# വിക്കിഗ്രന്ഥശാലയുടെ നിലവിലുള്ള സ്ഥിതി

നിലവിൽ വിക്കി ഗ്രന്ഥശാലയിൽ ശേഖരിച്ചിരിക്കുന്ന പ്രമുഖ കൃതികൾ താഴെ പറയുന്നവ ആണ്

- സത്യവേദപുസ്തകം
- കുമാരനാശാന്റെ സമ്പൂർണ്ണ കൃതികൾ
- ഖുർആൻ
- അദ്ധ്യാത്മരാമായണം
- കുഞ്ചൻ നമ്പ്യാർ കൃതികൾ
- ഭാഗവതം

ഈയടുത്ത് **സ്വതന്ത്രമലയാളം കമ്യൂണിറ്റി** വികസിപ്പിച്ചെടുത്ത പയ്യൻസ് എന്ന യൂണീക്കോഡ് കൺവേർട്ടർ ഉപയോഗിച്ച് **കേരളപാണിനീയം** വിക്കിഗ്രന്ഥശാലയിൽ ആക്കിയെങ്കിലും അതിന്റെ ഫോർമാറ്റിങ്ങ് ജോലികൾ ബാക്കിയാണ്.

ആവശ്യത്തിനു സന്നദ്ധസേവകർ ഇല്ല എന്നതാണു മലയാളം വിക്കിഗ്രന്ഥശാല നേരിടുന്ന പ്രതിസന്ധി.

# വിക്കിചൊല്ലുകൾ

പഴഞ്ചൊല്ലുകൾ, മഹാന്മാരുടെ മൊഴികൾ തുടങ്ങിയവ ശേഖരിക്കുന്ന വിക്കിയാണ് വിക്കിചൊല്ലുകള്. വളരെ ചുരുക്കം പഴഞ്ചൊല്ലുകളും മഹാൻമാരുടെ മൊഴികളും മാത്രമേ ഈ വിക്കിയിൽ വന്നിട്ടുള്ളൂ.

# വിക്കിപാഠശാല

പഠന സഹായികൾ, മത്സരപ്പരീക്ഷാ സഹായികൾ വിനോദയാത്രാ സഹായികൾ തുടങ്ങിയവ ചേർക്കാനുള്ള വിക്കിയാണ് വിക്കിപുസ്തകശാല. ഇതു വരെ ഫലദായകമായ ഒരു പ്രവർത്തനവും നടക്കാത്ത വിക്കിയാണ് ഇത്.

# വിക്കിനിഘണ്ടു

നിർവചനങ്ങൾ, ശബ്ദോത്പത്തികൾ, ഉച്ചാരണങ്ങൾ,  മാതൃകാ ഉദ്ധരണികൾ, പര്യായങ്ങൾ, വിപരീതപദങ്ങൾ തർജ്ജമകൾ എന്നിവയടങ്ങുന്ന ഒരു സ്വതന്ത്ര ബഹുഭാഷാ നിഘണ്ടു സൃഷ്ടിക്കുവാനുള്ള ഒരു സഹകരണ പദ്ധതിയാണ് മലയാളം വിക്കിനിഘണ്ടു.

# ?

## ചോദ്യങ്ങൾ